ശ്രീ. എം.കെ. മുനീർ :

ശ്രീ. സി.ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പരസ്യനികുതി പിരിക്കുന്നതിൽ അലംഭാവം കാണിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യം അന്വേഷിക്കുമോ ;

(സി) സിനിമാപ്രദർശനം സംബന്ധിച്ച പരസ്യങ്ങളുടെ നികുതി ഈടാക്കുന്നതിൽ നിന്നും ഏതെങ്കിലും ഇനം ഒഴിവാക്കിയിട്ടുണ്ടോ

(ഡി) എങ്കിൽ നികുതി ഈടാക്കുന്നതിന് കർശന നിർദ്ദേശം നൽകുമോ ;

(ഇ) പിരിവ് നടത്തുന്നതിനുള്ള അവകാശം ലേലത്തിൽ പിടിക്കുന്നവർ ഉയർന്ന നിരക്കിൽ നികുതി പിരിവ് നടത്തുന്നതായ പരാതി അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി).

(എ) ബാദ്ധ്യതയനുസരിച്ചുള്ള നികുതിപിരിവ് നടക്കുന്നില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ബാധകമല്ല.

(സി) സർക്കാരിന്റെ 30.6.1989-ലെ ജി.ഒ.(എം.എസ്) 5289/89 ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ പൊതുകാഴ്ചയ്ക്കായി പതിപ്പിച്ചിട്ടുള്ള സിനിമാ പരസ്യങ്ങൾ പരസ്യ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ട്.

(ഡി) നിയമാനുസൃതം നികുതി ഈടാക്കുന്നതിന് ഇപ്പോൾതന്നെ വ്യവസ്ഥയുണ്ട്. ഇത് കൂടുതൽ കർശനമാക്കുന്ന കാര്യം രണ്ടാം ധനകാര്യ കമ്മിഷന്റെ റിപ്പോർട്ട് ലഭിച്ചശേഷം പരിശോധിക്കുന്നതാണ്.

(ഇ) കരാർ ലംഘനം ഉണ്ടെന്ന് കാണുന്നതായാൽ നടപടി സ്വീകരിക്കുന്നതാണ്.

ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് കേന്ദ്ര സഹായം

14 (*484)ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ആർ. ബാലകൃഷ്ണപിള്ള :

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി കേന്ദ്ര ഗവൺമെന്റ് നൽകുന്ന ധനസഹായത്തിൽ മാറ്റം വരുത്തണമെന്ന് 11-ാം ധനകാര്യകമ്മിഷൻ മുമ്പാകെ എന്തെങ്കിലും നിർദ്ദേശം സംസ്ഥാനസർക്കാർ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി 8-ഉം, 9-ഉം, 10-ഉം ധനകാര്യ കമ്മിഷനുകൾ സർക്കാരിന് എന്ത് തുക വീതം നൽകിയിട്ടുണ്ട് ;

(സി) ഇതിനായി സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണ്?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ).

LIBRARY ARCHIVES Kerala Legislative Assembly

(എ) ഉണ്ട്. തുടർച്ചയായ പ്രകൃതിക്ഷോഭങ്ങളും ദുരിതാശ്വാസ പ്രവർത്തനങ്ങളും കടുത്ത സാമ്പത്തിക ബാദ്ധ്യത വരുത്തിവയ്ക്കുന്നതിനാൽ നിലവിലുള്ള ദുരിതാശ്വാസ നിധിയുടെ കേന്ദ്ര സംസ്ഥാന വിഹിതങ്ങളായ 75%, 25 % എന്നത് പുനഃപരിശോധിക്കണമെന്നും അത് 90%, 10 % എന്നാക്കി മാറ്റണമെന്നും സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്.

ഏതെങ്കിലും വർഷത്തിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് പ്രകൃതി ക്ഷോഭ ദുരിതാശ്വാസ നിധി തികയാതെ വരുകയാണെങ്കിൽ വരും വർഷത്തെ കേന്ദ്ര വിഹിതത്തിൽനിന്നും സംസ്ഥാനത്തിന് മുൻകൂറായി പിൻവലിക്കാ വുന്ന തുക 25% എന്നതിൽ നിന്ന് ഉയർത്തണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി 7-ാം ധനകാര്യക മ്മിഷൻ (1985-90) 2900 ലക്ഷം രൂപയും, 9-ാം ധനകാര്യകമ്മിഷൻ (1990-95) 11625 ലക്ഷം രൂപയും, 10-ാം ധനകാര്യകമ്മിഷൻ (1995-2000) 21674 ലക്ഷം രൂപയും സംസ്ഥാനത്തിന് ശുപാർശ ചെയ്തതനുസരിച്ച് കേന്ദ്രം നൽകിയിട്ടു ണ്ട്.

(സി) മുൻ വർഷങ്ങളിൽ ദുരിതാശ്വാസ പ്രവർത്തനത്തിന് വിനിയോ ഗിച്ച തുകയും നാണയപ്പെരുപ്പവും സംസ്ഥാന ഗവൺമെന്റുകളുടെ അഭിപ്രാ യവും കണക്കിലെടുത്താണ് ഈ നിധിയിലേക്കുള്ള അടങ്കൽതുക നിശ്ചയി ക്കുന്നത്.

സാർക്ക് രാജ്യങ്ങളിൽ നിന്നുള്ള ഇറക്കുമതി

15 (*485) ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. പി.ജെ. ജോയി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാർക്ക് രാജ്യങ്ങളിൽനിന്ന് നിയന്ത്രണം കൂടാതെ സാധന ങ്ങൾ ഇറക്കുമതി ചെയ്യാനുള്ള തീരുമാനം ഉയർന്ന ഉൽപ്പാദനച്ചെലവും കുറഞ്ഞ ഉൽപ്പാദനക്ഷമതയും ഉള്ള കേരളത്തിലെ കാർഷികാധിഷ്ഠിത വ്യവ സായങ്ങളെ എപ്രകാരം ബാധിക്കുമെന്ന് എന്തെങ്കിലും വിലയിരുത്തലുകൾ നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഈ സാഹചര്യം എപ്രകാരം നേരിടാനാകുമെന്ന് വ്യക്തമാ ക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ).

(എ) ഉണ്ട്..

(ബി) സാർക്ക് രാജ്യങ്ങളിൽനിന്ന് നിയന്ത്രണം കൂടാതെ സാധന ങ്ങൾ ഇറക്കുമതി ചെയ്യാനുള്ള തീരുമാനം പ്രധാനമായി റബ്ബർ, നാളികേരം, കയറുല്പന്നങ്ങൾ, സുഗന്ധദ്രവ്യങ്ങൾ, കാപ്പി, തേയില തുടങ്ങിയ വിളക ളെയും അവയെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങളെയും പ്രതി കൂലമായി ബാധിക്കുന്നതാണ്. കേരളത്തിൽ വർദ്ധിച്ചു വരുന്ന ഉൽപാദന ചെലവും, കുറഞ്ഞ ഉൽപാദനക്ഷമതയുംമൂലം ഉയർന്ന വിലയ്ക്കേ പ്രസ്തുത

LIBRARY ARCHIVES Kerala Legislative Assembly